"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF) എന്നീ NSQF അധിഷ്ഠിത കോഴ്സുകൾ Livestock Management (Dairy Husbandry), Livestock Management (Poultry Husbandry) എന്നീ കോഴ്സുകൾക്ക് തുല്യമാണെന്ന് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.1009/2026/GEDN തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:-
1. 21/06/2025 ലെ സ.ഉ (സാധാ) നം. 4063/2025-പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. അഭിഷേക്. എ മുതൽ പേർ സമർപ്പിച്ച 29.01.2026 ലെ നിവേദനം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.02.2026 ലെ VHSE/280/2026-C1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

NSQF അടിസ്ഥാനമാക്കിയ Dairy Farmer Entrepreneur (DFE)/ Small Poultry Farmer (SPF) എന്നീ കോഴ്സുകൾ VHSE in Livestock Management യോഗ്യതയ്ക്ക് തുല്യമായി പരിഗണിക്കാനാകില്ലെന്നും എന്നാൽ Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF), Dairy Processing Equipment Operator എന്നീ കോഴ്സുകളെ Live Stock Management Stream- ൽ ഉൾപ്പെടുത്താമെന്നും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വൊക്കേഷണൽ ഹയർ സെക്കൻ്ററി വിദ്യാഭ്യാസത്തിൽ Live Stock Management (LSM) കോഴ്സ് 2019 വരെ നിലവിലുണ്ടായിരുന്നതാണെന്നും 2019 ന് ശേഷം Live Stock Management (LSM) കോഴ്സ് National Skills Qualification Frame Work (NSQF) അടിസ്ഥാനമാക്കി Dairy Farmer Entrepreneur (DFE)/ Small Poultry Farmer (SPF) എന്നീ കോഴ്സുകളായി മാറിയെന്നും അതിനാൽ ഈ രണ്ട് കോഴ്സുകളും തുല്യമാണെന്ന് കാണിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് ലഭിക്കാത്തത് കാരണം Diary Farmer Entrepreneur (DFE) / Small Poultry Farmer (SPF) കോഴ്സ് പാസ്സായ കുട്ടികൾക്ക് PSC സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ടുവെങ്കിലും നിയമനം നൽകാൻ PSC തയ്യാറാകുന്നില്ലെന്നും ആയത് തുല്യമാണെന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ടു പരാമർശം (2) പ്രകാരം നിവേദനം ലഭിക്കുകയുണ്ടായി.

3. തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച് പൊതുവി ദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry), Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** പാഠ്യപദ്ധതികളെ പൊതുവായും പ്രത്യേകമായും വിശദമായും താരതമ്യം ചെയ്ത് പഠനം നടത്തിയെന്നും വിശദമായ പഠനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** എന്നീ **NSQF** പാഠ്യപദ്ധതികൾ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry)** പാഠ്യപദ്ധതികളുമായി ഏറെ സാമ്യമുള്ളതായി കണ്ടെത്തുകയും ചെയ്തുവെന്നു റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി താരതമ്യ പഠനത്തിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** കോഴ്സുകൾക്ക് **Livestock Management** കോഴ്സുകളിൽ നിന്നുമുള്ള ചെറിയ ചെറിയ വ്യത്യാസങ്ങൾ നിലവിലെ **On the job Training (OJT)**, വിഷയ വിദഗ്ധരുടെ പരിശീലന സെക്ഷനുകൾ എന്നിവ വഴി ഫലപ്രദമായി പരിഹരിക്കാമെന്നും ആയതിനാൽ പരാമർശം (1) ഉത്തരവിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** എന്നീ **NSQF** അധിഷ്ഠിത കോഴ്സുകൾ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry)** എന്നീ കോഴ്സുകൾക്ക് തുല്യമാണെന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യ ത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** എന്നീ **NSQF** അധിഷ്ഠിത കോഴ്സുകൾ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry)** എന്നീ കോഴ്സുകൾക്ക് തുല്യമാണെന്ന് ഉത്തരവാകുന്നു.

5. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
അനിമൽ ഹസ്ബൻഡറി വകുപ്പ് (**vide File No. E1/21/2025-AH**).
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ